പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.44

02.03.2020-ൽ മറുപടിക്ക്

**പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

ചോദ്യം
ശ്രീ.പി.ഉണ്ണി

ഉത്തരം
പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി; വിശദാംശം നൽകാമോ; | (എ) | 30.06.2016 ന് നിലവിലുള്ളതും, 30.06.2016 മുതൽ 30.12.2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ പി.എസ്.സി. റാങ്ക്പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31.12.2016 വരെയും, 31.12.2016 മുതൽ 30.06.2017 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 30.06.2017 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു. |
| (ബി) | പി.എസ്.സി റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിച്ചു നൽകിയത് മുഖേന എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത വിവരം സർക്കാരിലോ പി.എസ്.സിയിലോ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പി.എസ്.സി വഴി നിയമനം നൽകി; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2020 ജനവരി വരെ 1,27,595 (ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി അഞ്ച്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ